**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5848** **04.11.2016-ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ :** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായി എത്ര കിലോ മീറ്റർ റോഡാണ് വികസിപ്പിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായി 133 കി.മീ. റോഡ് ആണ് വികസിപ്പിക്കുന്നത്. |
| (ബി) | നിലവിൽ എത്ര കിലോ മീറ്റർ റോഡ് വികസിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഹിൽ ഹൈവേ അംഗീകരിച്ച അലൈൻമെന്റിൽ 48.335 കി.മീ നീളത്തിൽ വിവിധ പദ്ധതികളിൽ 5.50 മീറ്റർ വീതിയിൽ ബി.എം & ബി.സി. ചെയ്ത് വികസിപ്പിച്ചിട്ടുണ്ട്. |
| (സി) | ജില്ലയിൽ ഹിൽ ഹൈവേ അലൈൻമെന്റിന്റെ ഭാഗമായി എത്ര പാലങ്ങൾ നിർമ്മിക്കണമെന്ന് വ്യക്തമാക്കുമോ ; ഏതെങ്കിലും പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ഹിൽ ഹൈവേ അംഗീകരിച്ച അലൈൻമെന്റിൽ ഫോറസ്റ്റ് സ്ഥലത്തുകൂടി കടന്നുപോകുന്ന പാണ്ടി - പള്ളഞ്ചി റോഡിൽ പള്ളഞ്ചി പാലവും, പടപ്പ് - ശങ്കരംപടി റോഡിൽ കാവുങ്കാൽ പാലവും നിർമ്മിക്കേണ്ടതുണ്ട്. അത്തനടി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ജില്ലയിൽ പൂർത്തിയാക്കാനുള്ള ഹിൽവേ അലൈൻമെന്റിന്റെ ഡി. പി. ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ? | (ഡി) നാറ്റ്പാക്ക് റിപ്പോർട്ട് പ്രകാരം മൊർത്താന മുതൽ ഇടിയടുക്ക വരെയുള്ള 33.00 കി.മീ. ഹിൽ ഹൈവേക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ